## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 5151

06.02.2014 - ൽ
മറുപടിയ്ക്ക്

### ട്രെയിനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം പാലിശ്ശേരി | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ട്രെയിനുകളിൽ കുട്ടികളെയും സ്ത്രീകളെയും പീഡിപ്പിച്ചതും പീഡിപ്പിക്കാൻ ശ്രമിച്ചതുമായി എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | (എ) | സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളും പീഡനശ്രമങ്ങളും - 175 കേസ്സുകൾ<br>കുട്ടികൾക്കെതിരെയുള്ള പീഡനങ്ങളും പീഡനശ്രമങ്ങളും - 19 കേസ്സുകൾ |
| (ബി) ട്രെയിനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ട്രെയിനിൽ യാത്രക്കാരായ സ്തീകൾക്കെതിരെ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉൾപ്പെടെ പോലീസിനെ നിയോഗിച്ച് യാത്രാവേളയിൽ ട്രെയിനിനുള്ളിൽ നിരന്തരം പട്രോളിങ് നടത്തി വരുന്നു. കൂടാതെ ട്രെയിനുകൾ നിറുത്തുന്ന സമയം കോച്ചുകളുടെ സമീപം പോലീസ് ഉദ്യോഗസ്ഥരെത്തി നിരീക്ഷണം നടത്തി വരുന്നു. ഇതിനു പുറമെ പോലീസ് സേവനം അതിവേഗം ലഭ്യമാക്കുവാൻ വേണ്ടിയുള്ള സംവിധാനമായ റെയിൽ അലർട്ട് നമ്പരായ 9846200100, 9846200150, ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവ യാത്രക്കാരുടെ അറിവിലേയ്ക്കായി ട്രെയിനിനുള്ളിലും റെയിൽവേ സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചു വരുന്നു. അവയിലൂടെ ലഭിക്കുന്ന പരാതികളിൽ തൽസമയം തന്നെ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ട്രെയിനുകളിൽ ടി.ടി.ഇ -മാരുടെ സേവനം മതിയായ തരത്തിൽ ലഭ്യമല്ലാത്തതു കണക്കിലെടുത്ത് കംപാർട്ടുമെന്റുകളിൽ പോലീസ് നിരീക്ഷണം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | നിലവിൽ പോലീസ് നിരീക്ഷണം ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ